# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 21 വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -284)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
| --- | --- |
| ഊർജ്ജ വകുപ്പുമന്ത്രി | : 4719 മുതൽ 4797 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | : 4798 മുതൽ 4879 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 4880 മുതൽ 4925 വരെ |
| വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി | : 4926 മുതൽ 5002 വരെ |

## പൊന്നാനി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

4719 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം പൊന്നാനി മണ്ഡലത്തിൽ നടത്തിയ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇനിയും എത്ര വീടുകൾ ഈ പദ്ധതിയിൽ പൂർത്തിയാക്കാനുണ്ട്;

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

(സി) ഒറ്റപ്പെട്ടു കിടക്കുന്ന വീടുകൾക്ക് ഈ പദ്ധതിയിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമോ;

(ഡി) എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

കണ്ണൂർ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

4720 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ആശയം പൂർത്തീകരിക്കാൻ ഇനി എത്ര വീടുകൾ കൂടി വൈദ്യുതീകരിക്കണമെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതീകരണം നടന്നിട്ടില്ലാത്ത വീടുകൾ പഞ്ചായത്തിലും മുനിസിപ്പൽ പ്രദേശത്തുമായി എത്ര വീതം ഉണ്ട്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

കൊണ്ടോട്ടി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

4721 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതിയിൽ എത്ര ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരുന്നത്;

(ബി) ഓരോ പഞ്ചായത്തിലും ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ പേര്, ആവശ്യമായ പോസ്റ്റുകളുടെ എണ്ണം, അവർ അപേക്ഷിച്ച തീയതി ഓരോ ഉപഭോക്താവിന്റെയും എസ്റ്റിമേറ്റ് തുക എന്നിവ വിശദമാക്കുമോ;

(സി) ഈ പദ്ധതിയിൽപ്പെടുത്തി ഇനി ആർക്കെങ്കിലും കണക്ഷൻ നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) പണമടച്ച പഞ്ചായത്തുകൾക്ക് എം.എൽ.എ. ഫണ്ടിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇവ എന്ന് നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

സി.എഫ്. ലാമ്പ് വിതരണം

4722 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വകുപ്പിന്റെ കീഴിൽ എല്ലാ വീടുകളിലും സി.എഫ്.ലാമ്പ് എത്തിക്കുന്ന നടപടി എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗജന്യമായി സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആർ. ജി.ജി. വി. വൈ. പദ്ധതി</u>

4723 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ജി.ജി. വി. വൈ. പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(സി) ആകെ എത്ര പ്രവൃത്തികളാണ് ഇതനുസരിച്ച് അംഗീകരിച്ചിട്ടുള്ളതെന്നും എത്രയെണ്ണം പൂർത്തിയായി എന്നും ബാക്കി എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

വിദൂര വൈദ്യുതീകരണ പരിപാടി

4724 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദൂര വൈദ്യുതീകരണ പരിപാടി പ്രകാരം 2009 ൽ കേരളത്തിൽ വിദൂര ഗ്രാമപ്രദേശങ്ങളിലെ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി നൽകുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുതികണക്ഷൻ</u>

4725 ശ്രീ.ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർക്കും, വികലാംഗർക്കും കാൻസർ രോഗികൾക്കും പ്രത്യേക പദ്ധതി പ്രകാരം 200 മീറ്റർ ദൂരം ലൈൻ വലിച്ച് സൗജന്യമായി കണക്ഷൻ നൽകുന്ന പദ്ധതി നിർത്തലാക്കിയിട്ട് രണ്ട് വർഷമായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി നിർത്തലാക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി പുനസ്ഥാപിക്കുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

**അനര്‍ട്ടിലേയും എനര്‍ജി മാനേജ്മെന്റ് സെന്ററിലേയും സാമ്പത്തിക ക്രമക്കേടുകള്‍**

4726 ശ്രീ. സി. പി. മുഹമ്മദ്
,, പാലോട് രവി
,, വര്‍ക്കല കഹാര്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് അനര്‍ട്ടിലും എനര്‍ജി മാനേജ്മെന്റ് സെന്ററിലും സാമ്പത്തിക ക്രമക്കേടുകള്‍ നടന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിനെതിരെ അന്വേഷണം നടത്താന്‍ തയ്യാറാകുമോ;

(സി) എനര്‍ജി മാനേജ്മെന്റ് വിദഗ്ധനെക്കൊണ്ട് ഇക്കാര്യം അന്വേഷിപ്പിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങള്‍ ഊര്‍ജ്ജസംരക്ഷണവും പാരമ്പര്യേതര ഊര്‍ജ്ജ ഉല്പാദനവും ഉള്‍പ്പെടെയുള്ള പ്രഖ്യാപിത നയങ്ങള്‍ നടപ്പാക്കിയില്ല എന്നതിനെക്കുറിച്ചും അന്വേഷിച്ച് പരിഹാരമാര്‍ഗ്ഗങ്ങള്‍ നിര്‍ദ്ദേശിക്കുവാന്‍ നടപടി എടുക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അനെർട്ടിന്റെ സൗരോർജ്ജ വിളക്കുകൾ</u>

4727 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനർട്ടിന്റെ സൗരോർജ്ജവിളക്കുകൾ സബ്സിഡിനിരക്കിൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ബി) സൗരോർജവിളക്കിന്റെ സബ്സിഡി നിരക്ക് എത്രയാണെന്നും ഇങ്ങനെ സൗരോർജവിളക്കുകൾ വിതരണം ചെയ്യുന്നതുമൂലം വൈദ്യുതി ലാഭിക്കാൻ കഴിയുമോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കോളനി വൈദ്യുതീകരണത്തിനായി നടപടി</u>

T 4728 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലുള്ള പട്ടികജാതി കോളനികളിലെ വൈദ്യൂതീകരിച്ച വീടുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ കോളനികളുടെ പേര് സൂചിപ്പിച്ച് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഇത്തരം കോളനികളുടെ വൈദ്യുതീകരണത്തിനുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുതി കണക്ഷൻ</u>

4729 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് പോസ്റ്റ് സ്ഥാപിക്കുന്നതിനും ഇലക്ട്രിക് ലൈൻ ഇടുന്നതിനും വേണ്ടി വരുന്ന ചെലവിൽ ബി.പി.എൽ, എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് എന്തൊക്കെ സൗജന്യമാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ;

(ബി) അപകടാവസ്ഥയിൽ കാണപ്പെടുന്ന പോസ്റ്റുകൾ നീക്കം ചെയ്യുവാൻ ബോർഡിന്റെ ഏത് ഉദ്യോഗസ്ഥനാണ് അധികാരപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് സൗജന്യമായി വൈദ്യുതി കണക്ഷനും വൈദ്യുതിയും നൽകുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ലോഡ് ഷെഡ്ഡിംഗ്</u>

4730 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം എന്താണ് ;

(ബി) വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിൽ ഇപ്പോൾ അതിഭീമമായ വർദ്ധന ഉണ്ടായിട്ടുണ്ടോ ;

(സി) വൈദ്യുതി ഉല്പാദനരംഗത്ത് കാര്യമായ കുറവു വന്നിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) കേന്ദ്ര വിഹിതത്തിൽ കുറവു വന്നിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ലോഡ് ഷെഡിംഗ് എന്ന് പിൻവലിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

വൈദ്യുതി ക്ഷാമം

4731

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന സാഹചര്യത്തിൽ കേന്ദ്ര വിഹിതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വൈദ്യുതി വാങ്ങുന്നതിന് ഈ സർക്കാർ ഏതെങ്കിലും കമ്പനികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനികളുടെ വിവരങ്ങൾ നൽകാമോ; കരാറിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കരാർ സർക്കാരിന് നഷ്ടം വരുത്തുന്നതും അധിക ബാദ്ധ്യതയുണ്ടാക്കുന്നതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ലോഡ് ഷെഡ്ഡിംഗ്</u>

4732 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തി ഓരോ തവണയും ഇത് ഏർപ്പെടുത്തുന്നതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര പൂളിൽ നിന്നും വൈദ്യുതി ലഭിക്കാത്തതിനെത്തുടർന്ന് ലോഡ് ഷെഡ്ഡിംഗ് ആവശ്യമായി വന്നിട്ടുണ്ടോ; എങ്കിൽ കേന്ദ്ര പൂളിൽ നിന്നും അർഹമായ വൈദ്യുതി വിഹിതം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ജലവൈദ്യുത പദ്ധതികൾ</u>

4733 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തേണ്ട തരത്തിലുളള വൈദ്യുതി പ്രതിസന്ധി നിലവിലുണ്ടോ;

(ബി) കേന്ദ്രം നൽകിവരുന്ന വൈദ്യുതിയിൽ വെട്ടികുറവുണ്ടായതാണോ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തേണ്ടി വന്നത്;

(സി) സംസ്ഥാനം സമർപ്പിച്ച പദ്ധതികൾക്ക് അനുമതി നൽകുന്നതിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന താൽപര്യത്തിന് അനുകൂലമാണോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

വൈദ്യുതി പ്രതിസന്ധി

4734 ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി നിലവിലുണ്ടോ ;

(ബി) ഇത് കാരണം സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഈ പ്രതിസന്ധി ഉണ്ടാകാനുള്ള കാരണങ്ങൾ എന്താണ് ;

(ഡി) ഇത് ഉടൻ പരിഹരിക്കാൻ സാധിക്കുമോ ; ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുന്നു ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

വൈദ്യുതി പ്രതിസന്ധിയുടെ കാരണം

4735 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരളത്തിലുണ്ടായിട്ടുള്ള വൈദ്യൂതി പ്രതിസന്ധിയുടെ കാരണം വിശദമാക്കാമോ;

(ബി) കേരളത്തിലെ വൈദ്യൂതിയുടെ സ്ഥാപിതശേഷിയും നിലവിൽ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്ന വൈദ്യൂതിയുടെ അളവും നമുക്ക് ആവശ്യമായ വൈദ്യൂതിയുടെ അളവും പ്രതിദിനം അടിസ്ഥാനമാക്കി വ്യക്തമാക്കാമോ;

(സി) 2006 മേയ് മാസത്തിൽ കേരളത്തിലെ വൈദ്യുതിയുടെ സ്ഥാപിതശേഷി എത്രയായിരുന്നുവെന്നും മുൻസർക്കാർ എത്ര മെഗാവാട്ട് വൈദ്യുതി പുതിയതായി ഉൽപാദിപ്പിച്ചുവെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് നടപടി ആരംഭിച്ചുവെന്നും അറിയിക്കാമോ;

(ഡി) ഇപ്പോൾ നിലനിൽക്കുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ലോഡ് ഷെഡ്ഡിംഗ്</u>

4736 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, വി. ചെന്താമരാക്ഷന്‍
,, പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വീണ്ടും പവര്‍കട്ടും ലോഡ് ഷെഡ്ഡിംഗും ഏര്‍പ്പെടുത്തേണ്ടി വരികയുണ്ടായോ;

(ബി) മുന്‍വര്‍ഷം കേന്ദ്ര പൂളില്‍ നിന്നും അര്‍ഹമായ വൈദ്യുതി കിട്ടാതിരുന്ന സന്ദര്‍ഭങ്ങളില്‍ പവര്‍കട്ടും ലോഡ്ഷെഡ്ഡിംഗും ഏര്‍പ്പെടുത്തുകയുണ്ടായോ;

(സി) മുന്‍വര്‍ഷം ഏറ്റവും കുറവ് വൈദ്യുതി കേന്ദ്ര പൂളില്‍ നിന്നും കിട്ടിയത് എന്നായിരുന്നു എന്നും എത്രയായിരുന്നുവെന്നും അന്ന് ലോഡ് ഷെഡ്ഡിംഗ് ഏര്‍പ്പെടുത്തിയിരുന്നുവോ എന്നും വ്യക്തമാക്കുമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഏറ്റവും കുറവ് വൈദ്യുതി കേന്ദ്ര പൂളില്‍ നിന്ന് കിട്ടിയത് എപ്പോഴായിരുന്നവെന്ന് വ്യക്തമാക്കുമോ;

(ഇ) മുന്‍ കാലങ്ങളിലേതിനേക്കാള്‍ മെച്ചപ്പെട്ട സ്ഥിതി ഉണ്ടായിരുന്നിട്ടും തികഞ്ഞ ആസൂത്രണം ഇല്ലാത്തതുകൊണ്ടാണ് വൈദ്യുതി പ്രതിസന്ധി ഉണ്ടായതെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

ലോഡ് ഷെഡ്ഡിംഗ്

4737 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ദിവസം ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) പവർകട്ട് ഔദ്യോഗികമായി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ദിവസം എത്ര മണിക്കൂറാണ് പവർകട്ട് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) മുൻ സർക്കാരിന്റെ കാലത്ത് ലോഡ് ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) മറ്റു സാദ്ധ്യതകൾ ഉപയോഗിക്കാതെയും കേന്ദ്രത്തിൽ നിന്ന് അർഹമായ വിഹിതം ലഭ്യമാക്കാതെയും ജല വൈദ്യുതിമാത്രം ഉപയോഗിച്ച് പ്രതിസന്ധി പരിഹരിക്കാൻ കഴിയുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

ഊർജ്ജ പ്രതിസന്ധി

4738 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇപ്പോൾ ഊർജ്ജ പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തിലെ വൈദ്യുതി ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച് വിലയിരുത്തൽ നടത്തുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഓരോ മേഖലയിൽ നിന്നും എത്ര വൈദ്യുതി വീതമാണ് ഉല്പാദിപ്പിക്കുന്നത് എന്ന് വിശദമാക്കുമോ; ഇതിന് ഓരോന്നിനും യൂണിറ്റിന് എന്ത് ചെലവ് വരുന്നു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി</u>

4739 ശ്രീ. എസ്. ശർമ്മ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതിക്ഷാമം കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി വെട്ടിക്കുറച്ചത് കൊണ്ടല്ലെന്ന കേന്ദ്ര ഊർജ്ജ സഹ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രസ്താവനയിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ ; ഇപ്പോൾ വൈദ്യുതിക്ഷാമം ഉണ്ടാകാനും അതിനെ തുടർന്ന് പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്താനുമിടയായ സാഹചര്യം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ സ്വയം പര്യാപ്തത</u>

4740 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേന്ദ്രത്തിൽ നിന്നുള്ള വൈദ്യുതി ലഭിച്ചില്ലെങ്കിൽ കേരളം ഇരുട്ടിലാകുമെന്ന ഗുരുതരമായ അവസ്ഥ നിലവിലിരിക്കെ, വൈദ്യുതിയുടെ കാര്യത്തിൽ കേരളം സ്വയം പര്യാപ്തത നേടുവാനുള്ള ദീർഘകാല പദ്ധതികൾ എന്തെങ്കിലും ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

തിരുവമ്പാടി മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം

4741 ശ്രീ. സി. മോയീൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ കരിമ്പാലക്കുന്ന് പ്രദേശത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആന്ധ്ര സംസ്ഥാനത്തിന് വൈദ്യുതി വിറ്റ സംഭവം</u>

4742 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 സെപ്തംബർ 25 മുതൽ ഒക്ടോബർ 7 വരെയുള്ള രണ്ടാഴ്ചക്കാലം കേന്ദ്രവിഹിതമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിച്ചത് ;

(ബി) ദിവസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ കാലയളവിൽ കേന്ദ്രവിഹിതമായി ലഭിക്കേണ്ടിയിരുന്നത് ;

(ഡി) ഇടുക്കി, ശബരി നിലയങ്ങളിലെ എത്ര ജനറേറ്ററുകൾ എത്ര പ്രാവശ്യം 2011 മേയ് 18 ന് ശേഷം പ്രവർത്തനരഹിതമായി ; ഇവ പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ഇ) 2011 മെയ് 18 ന് ശേഷം എത്ര മെഗാവാട്ട് വൈദ്യുതി ആന്ധ്രപ്രദേശിന് വിറ്റു ;

(എഫ്) ഇടുക്കിയിലും ശബരിയിലും ജനറേറ്ററുകൾ പ്രവർത്തികാതിരിക്കാതിരിക്കുകയും കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ആന്ധ്രസംസ്ഥാനത്തിന് വൈദ്യുതി വില്ക്കാൻ തീരുമാനിച്ചത് എന്ത് കൊണ്ടാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും ലഭിച്ചിരുന്ന വൈദ്യുതി</u>

4743 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും ലഭിച്ചിരുന്നു എന്ന വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ആവശ്യമായ വൈദ്യുതി ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

**സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ വൈദ്യുത പദ്ധതികൾ**

4744 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ വൈദ്യുത പദ്ധതികൾക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) വർദ്ധിച്ച വൈദ്യുതി ആവശ്യം കണക്കിലെടുത്ത് വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ഉത്പാദനം</u>

4745 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ് എത്രയാണെന്നും അത് ഏതെല്ലാം പദ്ധതികളിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഉപഭോക്താക്കളുടെ വർദ്ധനക്കനുസരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയ ഏതെങ്കിലും വൈദ്യുതോത്പാദന പദ്ധതി പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അരൂർ കെൽട്രോണിന് നൽകിയ വർക്ക് ഓർഡർ</u>

4746 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലങ്കര എസ്. എച്ച്. ഇ. പി.(Small Head Electrical Power Plant) യുടെ പി. എൽ. സി. (Programming Logic Control) മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി അരൂർ കെൽട്രോൺ കൺട്രോളിന് കെ. എസ്. ഇ. ബി. പർച്ചേസ്/വർക്ക് ഓർഡർ നൽകിയിരുന്നോ; പ്രസ്തുത വർക്ക് ഓർഡർ പിന്നീട് ക്യാൻസൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) റ്റി. എൻ. ഇ. ബി. (Tamil Nadu Electricity Board) യുടെ തിരുമൂർത്തി ജലവൈദ്യുത പദ്ധതിയുടെ ഗവർണർ കൺട്രോൾ സിസ്റ്റം മാറ്റി സ്ഥാപിക്കുന്നതിനുള്ള ഓർഡർ കെൽട്രോൺ വിജയകരമായി നിർവ്വഹഹിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ. എസ്. ഇ. ബി. നൽകിയ പുതിയ ഓർഡർ അനുസരിച്ച് ആവശ്യമായ 3 കൺട്രോൾ പാനലുകളിൽ 2 എണ്ണത്തിന്റെ പണി ഇതിനോടകം പൂർത്തിയാക്കുകയും 3-ാമത്തെ കൺട്രോൾ പാനലിന്റെ പണി 70% പൂർത്തീകരിച്ചതിനുശേഷം പ്രസ്തുത ഓർഡർ നിരാകരിച്ചതിനാൽ കെൽട്രോൺ കൺട്രോളിന് ഉണ്ടായ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കൺട്രോൾസ് പ്രസ്തുത മേഖലയിൽ കഴിവുതെളിയിച്ച സാഹചര്യത്തിൽ കെ. എസ്. ഇ. ബി. നൽകിയ പർച്ചേസ്/വർക്ക് ഓർഡർ കെൽട്രോണിന് തന്നെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ</u>

4747 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് ഒരു ലക്ഷത്തിൽപരം രൂപ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) കുടിശ്ശികയിനത്തിൽ വൈദ്യുതി ബോർഡിന് എത്ര രൂപ നാളിതുവരെ ലഭിക്കാനുണ്ട്;

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക തിരിച്ചടയ്ക്കാതെ വൈദ്യുതി ബോർഡിന് ഭീമമായ നഷ്ടം വരുത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി താരിഫുകൾ</u>

4748 ശ്രീ. പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, എൻ.എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നതിന് നിലവിലുള്ള താരിഫുകൾ വ്യക്തമാക്കാമോ ;

(ബി) ആരാധനാലയങ്ങൾ, മതകാര്യ-ധർമ്മ സ്ഥാപനങ്ങൾ എന്നിവയുടെ താരിഫ് ഉയർന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ താരിഫ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മീറ്റർ വാടക</u>

4749

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് മീറ്റർ വാടക ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ;

(ബി) മീറ്റർ വാടക വൈദ്യുതി ചാർജിനൊപ്പം ഈടാക്കിവരുന്നതിന്മേൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

4750 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളുടെ വർദ്ധനവിന് അനുസരിച്ച് കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

പണം മുൻകൂറായി നൽകി വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള സംവിധാനം

4751 ശ്രീ. കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പണം മുൻകൂറായി നൽകി (പ്രീ- പെയ്ഡ്) വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി എച്ച്. റ്റി. ഉപഭോക്താക്കൾക്കായി ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി സർചാർജ്ജ്</u>

4752 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി സർചാർജ്ജ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്നുമുതൽ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുത ബോർഡിന് പിരിഞ്ഞ് കിട്ടാനുള്ള മൊത്തം കുടിശ്ശിക തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ, ഇതിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ളത് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡിന് കുടിശ്ശിക തുക പിരിഞ്ഞുകിട്ടാനിരിക്കെ വീണ്ടും സർചാർജ്ജ് ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കാനുള്ള നടപടി ശരിയാണോ എന്ന് പരിശോധിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

വൈദ്യുതി വകുപ്പിന് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

4753 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ വൈദ്യുതി വകുപ്പിന് കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കുടിവെള്ളം, ഇറിഗേഷൻ എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കാൻ കുടിശ്ശികയിൽ ഇളവോ, അവ അടയ്ക്കുന്നതിൽ സാവകാശമോ നൽകുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ ആസ്തി - ബാധ്യതകൾ</u>

4754 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ആസ്തി - ബാധ്യതകൾ കണക്കാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോഴത്തെ സ്ഥിതിയിൽ മൊത്തം ആസ്തി എത്രയാണെന്ന് ഉല്പാദന, വിതരണ പ്രസരണ മേഖലയനുസരിച്ച് വിശദമാക്കാമോ ;

(സി) ആസ്തി പുനർനിർണ്ണയിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>എനർജി ആഡിറ്റ്</u>

4755 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ എനർജി ആഡിറ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിൽ എനർജി ആഡിറ്റ് പൂർത്തിയായിട്ടുണ്ട്;

(ഡി) എനർജി ആഡിറ്റ് നടത്താത്ത സ്ഥാപനങ്ങളിൽ ഇതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഊർജ്ജമേഖലയ്ക്കായുള്ള കർമ്മപരിപാടികൾ</u>

4756 ശ്രീ. ബെന്നി ബെഹനാൻ
'' എ. റ്റി. ജോർജ്
'' ഐ. സി. ബാലകൃഷ്ണൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഊർജ്ജമേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പദ്ധതിയുടെ കരട് സമീപനരേഖയിൽ പ്രസ്തുത മേഖലയിൽ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്;

(സി) വൈദ്യുതി ഉല്പാദനത്തിൽ എത്രമാത്രം വർദ്ധനവാണ് ഉദ്ദേശിക്കുന്നത്;

(ഡി) മിനിഹൈഡൽ പദ്ധതികൾ പരിഗണനയിലുണ്ടോ;

(ഇ) കാറ്റ്, കൽക്കരി എന്നിവയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് മുൻഗണന നൽകുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നാഷണൽ സോളാർ മിഷൻ</u>

4757 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഏതൊക്കെ പദ്ധതികൾക്കാണ് 'നാഷണൽ സോളാർ മിഷൻ' ധനസഹായം നൽകുന്നതെന്ന് വിശദമാക്കുമോ; അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് നൽകുന്നതെന്ന് വിശദമാക്കുമോ; ഏതെല്ലാം ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(സി) പുതുതായി ഏതൊക്കെ പദ്ധതികളാണ് സോളാർ മിഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുളളത്; ഏതൊക്കെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ ഉപഭോഗം</u>

4758 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപഭോഗം വ്യാപകമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുളളത്;

(ബി) വൈദ്യുതിയുടെ ഉപയോഗം കുറക്കുന്നതിന് അനർട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് കൂടുതൽ സി. എഫ്. ലാമ്പുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഗ്യാസ് തെർമൽ പ്രോജക്ട്</u>

4759 ശ്രീ. ബെന്നി ബെഹനാൻ
'' കെ. അച്യുതൻ
'' ഐ. സി. ബാലകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി ഗ്യാസ്തെർമൽ പ്രോജക്ട് ആരംഭിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഭൂഗർഭ വൈദ്യുതി ലൈനുകൾ</u>

4760 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകൾ ഭൂമിക്കടിയിലൂടെയാക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിന്റെ കൂടിയ ചെലവ് കണക്കിലെടുത്ത് ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഊർജ്ജ സ്വയംപര്യാപ്തത</u>

4761 ശ്രീ. റോഷി അഗസ്റ്റിൻ
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പരിപാടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) ചെറുകിട ഹൈഡൽ പ്രോജക്ടുകൾ, സൗരോർജ്ജ പദ്ധതികൾ, കാറ്റാടി യന്ത്രങ്ങൾ മുതലായവ പ്രാദേശികാടിസ്ഥാനത്തിൽ വ്യാപകമായി ഉപയോഗ പ്രദമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) വേസ്റ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പഞ്ചായത്തുകൾ തോറും പ്രത്യേക പദ്ധതികൾ നടപ്പാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മാലിന്യത്തിൽ നിന്ന് വൈദ്യുതി</u>

4762 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കാറ്റിൽ നിന്നും വൈദ്യുതി</u>

4763

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ എത്രയെണ്ണമുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) സർക്കാർ ഉടമസ്ഥതയിൽ ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. യുടെ കീഴിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ടവറുകൾ</u>

4764 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിക്ക് കൈമാറിയ ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റേതായിരുന്ന സ്ഥലത്ത് വൈദ്യുതി ടവറുകൾ നിർമ്മിക്കുന്നുണ്ടോ ; എത്ര കോടിരൂപ ചെലവിൽ, എത്ര ടവറുകൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നത് ;

(ബി) ടികോമുമായുള്ള തർക്കങ്ങൾ അന്തിമമായി പരിഹരിച്ചതിനു ശേഷവും ടവർ നിർമ്മാണവുമായി ബോർഡ് മുന്നോട്ട് പോകുവാനാണോ തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതേ തുടർന്ന് ടീകോം കമ്പനി ബോർഡിനോ സർക്കാരിനോ കത്ത് അയച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) സ്മാർട്ട് സിറ്റി സ്ഥാപനങ്ങൾക്ക് നിർദ്ദിഷ്ട വൈദ്യുതി ടവർ ഭീഷണിയാകുമെന്ന് ടീകോം കമ്പനി അറിയിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പെരുമ്പടപ്പിൽ പുതിയ സെക്ഷൻ ഓഫീസ്</u>

4765 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിലെ പുറങ്ങ്, ചാവക്കാട് താലൂക്കിലെ പുന്നയൂർക്കുളം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പെരുമ്പടപ്പിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ആലോചനയുണ്ടോ;

(ബി) എങ്കിൽ എന്ന് നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പുറങ്ങ് സെക്ഷൻ വിഭജിക്കുമ്പോൾ നിലവിൽ എരമംഗലത്തുള്ള കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ് നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) എരമംഗലത്ത് നിലവിലുള്ള സബ് എഞ്ചിനീയർ ഓഫീസ് പെരുമ്പടപ്പിലേയ്ക്ക് മാറ്റിയാൽ ഇവിടത്തുക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എരമംഗലം സബ് എഞ്ചിനീയർ ഓഫീസ് നിലനിർത്തി, പെരുമ്പടപ്പിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തില്‍ 33 കെ. വി. സബ് സ്റ്റേഷന്‍</u>

4766 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തില്‍ കടമ്പഴിപ്പുറത്ത് 33 കെ. വി. സബ് സ്റ്റേഷന്‍ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആയതിന്റെ പഠന പുരോഗതി വ്യക്തമാക്കുമോ; എത്ര കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കപ്പെടുന്നത്;

(സി) പദ്ധതി നിലവില്‍ വന്നാലുണ്ടാകുന്ന ഗുണങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി ഡിവിഷൻ ഓഫീസ്</u>

4767 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി വൈദ്യുതി ഡിവിഷൻ വിഭജിച്ച് കൊണ്ടോട്ടി കേന്ദ്രമാക്കി ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെടുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ ഇതേവരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദവിവരം നല്കുമോ;

(ബി) ഇക്കാര്യത്തിൽ മഞ്ചേരി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശമെന്തെങ്കിലും നല്കിയിരുന്നോ;

(സി) അതു സംബന്ധിച്ച് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) കൊണ്ടോട്ടി കേന്ദ്രമായി ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നെല്ലിതാപ്പറമ്പിൽ 33 കെ. വി. സബ് സ്റ്റേഷൻ</u>

4768 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ നെല്ലിതാപ്പറമ്പിൽ 33 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിലെ തമ്പലമണ്ണ 33 കെ. വി. സബ് സ്റ്റേഷൻ 110 കെ. വി. യാക്കാനുള്ള തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി മണ്ഡലത്തിൽ സബ്സ്റ്റേഷനുകൾ</u>

4769 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ കരിപ്പൂർ വിമാനത്താവള പരിസരത്തും പുളിക്കലും ഓരോ സബ്സ്റ്റേഷൻ വേണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

താനൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കുന്നതിന് നടപടി

4770 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ ബാഹുല്യവും പ്രദേശത്തിന്റെ വിസ്തൃതിയും കണക്കിലെടുത്ത് താനൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) സെക്ഷൻ വിഭജനത്തെ തുടർന്നുണ്ടാകുന്ന പുതിയ സെക്ഷൻ ഓഫീസ് ഏതു പ്രദേശത്താണ് സ്ഥാപിക്കുക; എന്ന് പ്രാബല്യത്തിൽ വരും എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

**<u>ഒല്ലൂര്‍ ചെമ്പംകണ്ടം പ്രദേശവാസികളെ പുത്തൂര്‍ സബ്സ്റ്റേഷനില്‍ ഉള്‍പ്പെടുത്താന്‍ നടപടി</u>**

4771 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൃശ്ശൂര്‍ ജില്ലയിലെ ഒല്ലൂര്‍ ചെമ്പംകണ്ടം പ്രദേശത്തുള്ള ഉപഭോക്താക്കളെ പുത്തൂര്‍ സബ്സ്റ്റേഷനില്‍ ഉള്‍പ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച അപേക്ഷകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മിനിസ്റ്റീരിയൽ ഓഫീസർമാരുടെ ഒഴിവുകൾ</u>

4772 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ മിനിസ്റ്റീരിയൽ ഓഫീസർമാരുടെ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകളിൽ നിയമനം നൽകിയോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം തസ്തികകളിൽ പ്രൊമോഷൻ നടത്താനുണ്ട്;

(ഇ) പ്രസ്തുത തസ്തികകളിൽ എന്ന് പ്രമോഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓരോ മാസവുമുണ്ടാകുന്ന ഒഴിവുകൾ അടിസ്ഥാനമാക്കി പ്രൊമോഷൻ നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഉപ്പള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ</u>
<u>ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ</u>

4773

ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപ്പള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ സബ് എഞ്ചിനീയർ, ലൈൻമാൻ, ഓവർസിയർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

'മീറ്റർ റീഡർ' തസ്തികയിലെ ഒഴിവുകൾ

4774 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ 'മീറ്റർ റീഡർ' തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഉടൻ നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ;

(ഡി) കൂടുതൽ ഒഴിവുകൾ ഇനിയും പ്രതീക്ഷിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിൽ സ്പോർട്ട്സ് ക്വാട്ടാ നിയമനം</u>

4775 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ സ്പോർട്ട്സ് ക്വാട്ടാ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ :

(ബി) കഴിഞ്ഞ 5 വർഷം സ്പോർട്ട്സ് ക്വാട്ടയിൽ എത്ര പേർക്ക് നിയമനം നൽകി ;

(സി) നിയമനം ലഭിച്ചവരുടെ പേരും അവർ പങ്കെടുത്ത സ്പോർട്ട്സ് മത്സരങ്ങളുടെ വിവരങ്ങൾ, അവരുടെ വിദ്യാഭ്യാസ യോഗ്യത എന്നിവ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ലൈൻമാൻമാരുടെ സേവനം</u>

4776 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ലൈൻമാൻമാരുടെ സേവനം സമയത്ത് ലഭിക്കുവാൻ ഇപ്പോഴത്തെ സമ്പ്രാദയത്തിൽ ബുദ്ധിമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കുമ്പനൂർ സബ്സ്റ്റേഷൻ പരിധിയിലെ വൈദ്യുതി തടസ്സം</u>

4777 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർണ്ണാടകയിൽ നിന്ന് വൈദ്യുതി ചാർജ്ജ് ചെയ്യുമ്പോൾ മഞ്ചേശ്വരം കുമ്പനൂർ സബ്സ്റ്റേഷൻ പരിധിയിൽ വൈദ്യുതി വിതരണം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരിച്ച് കർണ്ണാടകയിലേയ്ക്ക് ചാർജ്ജ് ചെയ്യുമ്പോഴും ഈ പ്രദേശത്ത് വൈദ്യുതി നിലയ്ക്കുന്നതിനാൽ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>നഷ്ടപരിഹാരം</u>

4778 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ വീഴ്ച മൂലം ദീർഘനേരത്തേയ്ക്ക് വൈദ്യുതി വിതരണം തടസ്സപ്പെട്ടാൽ ഉപഭോക്താവിന് വൈദ്യുതി ബോർഡ് നഷ്ടപരിഹാരം നൽകണമെന്ന കേന്ദ്ര വൈദ്യുതി നിയമ പ്രകാരം കേരളത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) 'മീറ്റർ' തകരാറുമായി ബന്ധപ്പെട്ട് എത്ര നഷ്ടപരിഹാര കേസ്സുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പ്രസരണ നഷ്ടം</u>

4779 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം നികത്തുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനം വൈദ്യുതി മിച്ച സംസ്ഥാനമാകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) വൈദ്യുതിയുടെ ഉപഭോഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി മോഷണം</u>

4780 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ബി) ഈ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിനു വേണ്ടി സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനരീതി എങ്ങനെയായിരിക്കണം എന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി വിതരണം

4781 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടിയിൽ വീതി കുറഞ്ഞ റോഡുകളിൽ വൈദ്യുതി പോസ്റ്റുകൾ റോഡിലേക്ക് കയറി നില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡുകളുടെ വീതി കുറവും പോസ്റ്റുകൾ റോഡിലേക്ക് കയറി നില്ക്കുന്നതിനാലും ഉണ്ടാകുന്ന അതിരൂക്ഷമായ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഈ നഗരത്തിൽ ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി വിതരണം നടത്തുന്ന പദ്ധതിയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി</u>

4782 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അടുത്ത രണ്ട് വർഷം ഏതെല്ലാം പദ്ധതികൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ</u>

4783

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ നിന്നും വൈദ്യുതി ബോർഡിനെ ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരമൊരു സാഹചര്യമുണ്ടായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മൂലമറ്റം പവർഹൗസിലെ പൊട്ടിത്തെറി</u>

4784 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂലമറ്റം പവർ ഹൗസിലുണ്ടായ പൊട്ടിത്തെറിയെപ്പറ്റി കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ(ജനറേഷൻ), ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പ്, സ്പെഷ്യൽ ബ്രാഞ്ച്, ഇന്റലിജൻസ് എന്നീ അന്വേഷണ വിഭാഗങ്ങൾ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ അന്തിമ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) പൊട്ടിത്തെറിയുടെ കാരണം സംബന്ധിച്ച് ഓരോ വിഭാഗവും പരസ്പരവിരുദ്ധമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും ബാഹ്യശക്തികൾ ഈ അന്വേഷണത്തെ സ്വാധീനിക്കാൻ ശ്രമിച്ചിട്ടുണ്ടോയെന്ന കാര്യം അന്വേഷണവിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 21.10.2011-ലെ മറുപടിക്ക്

<u>മൂലമറ്റം പവ്വർ ഹൗസിൽ അപകടം</u>

4785 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂലമറ്റം പവ്വർ ഹൗസിൽ അടുത്ത സമയത്തുണ്ടായ അപകടത്തിൽ എത്ര പേർക്കാണ് ജീവഹാനി സംഭവിച്ചത്; ഈ അപകടം സംഭവിച്ചത് എങ്ങനെയാണ്;

(ബി) ഇതിനെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്താൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ആരെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചിരുന്നത്;

(സി) എത്ര നാളുകൾക്കകം അന്വേഷണ റിപ്പോർട്ട് നൽകാനാണ് ഉത്തരവിട്ടിരുന്നത്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) അന്വേഷണം ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പവ്വർഹൗസുകളിലും. സബ് സ്റ്റേഷനുകളിലും അധിക വൈദ്യുതി എർത്ത് ചെയ്യുന്നതിനു പകരം ഇത് പാനൽ ബോർഡിലേക്ക് എത്താനിടയായ സാഹചര്യം എങ്ങനെയാണുണ്ടായതെന്ന് വിശദമാക്കാമോ;

(എഫ്) പവർ ഹൗസുകളിൽ അറ്റകുറ്റപ്പണികൾക്ക് വീഴ്ച വന്നിട്ടുണ്ടോ; എന്നാണ് ഏറ്റവുമൊടുവിൽ മൂലമറ്റം പവ്വർ ഹൗസിൽ അറ്റകുറ്റപ്പണികൾ നടന്നിട്ടുള്ളത്;

(ജി) പ്രസ്തുത പണികൾ നടത്താൻ ആർക്കായിരുന്നു ചുമതല നൽകിയിരുന്നത്; എത്ര ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികളാണ് നടത്തിയത്; അവ എന്തൊക്കെ എന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പവ്വർ ഹൗസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

4786 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പവ്വർ ഹൗസുകളിലാണ് ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഓരോ പവ്വർ ഹൗസിലും എന്തൊക്കെ ഫയർ ഫൈറ്റിംഗ് സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഓരോ ഇനത്തിൻെയും എണ്ണം, പവ്വർ ഹൗസ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ പവ്വർ ജനറേറ്റിംഗ് സ്റ്റേഷനുകളിലാണ് എയർ കണ്ടീഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്; ഇവയൊക്കെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ;

(ഇ) ഓക്സിജൻ മാസ്ക് അടക്കം, ഒരപടകമുണ്ടായാൽ മുൻകരുതലിന് എന്തൊക്കെ സംവിധാനങ്ങളാണ് ഓരോ പവ്വർ ജനറേറ്റിംഗ് സ്റ്റേഷനുകളിലും ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) പവ്വർ ഹൗസുകളിൽ ജോലി ചെയ്യുന്ന മുഴുവൻ ആളുകൾക്കും കോട്ടൺ വസ്ത്രങ്ങൾ യൂണിഫോമായി നൽകുന്നതിന് എന്തൊക്കെ, നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ജി) മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഇല്ലാത്ത പവർ ജനറേറ്റിംഗ് സ്റ്റേഷനുകളിൽ അടിയന്തിരമായി ഇവ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ജോലിക്കാരുടെ മരണം</u>

4787 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
'' ഗീത ഗോപി
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളിലേയും മറ്റും അറ്റകുറ്റപ്പണികൾക്കിടെ തൊഴിലാളികൾ മരണമടയുന്ന സാഹചര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താറുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച എത്ര അന്വേഷണ റിപ്പോർട്ടുകൾ ഇപ്പോൾ ബോർഡിന്റെ കൈവശമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദാമാക്കാമോ;

(ഡി) ജോലിക്കിടയിലുണ്ടാകുന്ന മരണത്തെ സംബന്ധിച്ചും എത്ര അന്വേഷണങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ടെന്നത് സംബന്ധിച്ചും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി.യുടെ സ്ഥാപനവൽക്കരണം
എ.പി.ഡി.ആർ.പി. പദ്ധതി

4788 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ സ്ഥാപനവൽക്കരണം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമൊ;

(ബി) പുന:സംഘടിപ്പിച്ച എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുളള നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും എന്തെന്ന് വ്യക്തമാക്കാമോ; പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാമാണ്;

(ഡി) പ്രസ്തുത സ്ഥലങ്ങളിൽ എവിടെയൊക്കെ പദ്ധതി ആരംഭിച്ചിട്ടുണ്ട്;

(ഇ) തിരുവനന്തപുരം ജില്ലയിൽ എന്ന് മുതൽ ഈ പദ്ധതി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വെള്ളമുണ്ട സെക്ഷനിൽ നിന്നും വൈദ്യുതി കണക്ഷൻ</u>

4789 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളമുണ്ട സെക്ഷനിൽ വൈദ്യുതി കണക്ഷനുവേണ്ടി എത്ര അപേക്ഷകരാണുള്ളത്; ഇതിൽ ഡി. ഡി. അടച്ച എത്ര അപേക്ഷകൾ ഉണ്ടെന്നു വ്യക്തമാക്കാമോ;

(ബി) 2010 ലെ 3625 -ാം നമ്പർ അപേക്ഷകനായ കൊച്ചുവീട്ടിൽ ശ്രീ. ബഷീറിന് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തടസ്സം എന്താണെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത സെക്ഷന്റെ കീഴിലുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>പ്രസരണ നഷ്ടം</u>

4790 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിസർവോയറുകളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ജലമാണ് സംഭരിച്ചിട്ടുള്ളത്;

(ബി) പ്രസരണനഷ്ടം കുറച്ചുകൊണ്ട് ഉല്പാദിപ്പിക്കുന്ന വൈദ്യുതി വിതരണം നടത്തുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമാണോ;

(സി) ആണെങ്കിൽ പ്രസ്തുത സംവിധാനം ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>പവർ ഹൗസുകളിലെ സുരക്ഷാ സംവിധാനം</u>

4791 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ പവർ ഹൗസുകളിലെ സുരക്ഷാ സംവിധാനങ്ങൾ കാലഹരണപ്പെട്ടവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പവർ ഹൗസുകളിലെ സുരക്ഷാ സംവിധാനങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുന്നതിനും കാര്യക്ഷമത പരിശോധിക്കുന്നതിനും നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ തീരദേശ റെയിൽപ്പാത നിർമ്മാണം</u>

4792 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വഴി എറണാകുളം-കായംകുളം റെയിൽവേ പാത ഇരട്ടിപ്പിക്കലിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ തീരദേശ റെയിൽപ്പാതയുടെ വികസനത്തിനായി ഏതെല്ലാം പദ്ധതികൾക്കാണ് റെയിൽവേ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) തീരദേശ പാത ഇരട്ടിപ്പിക്കൽ, ഇലക്ട്രിഫിക്കേഷൻ നടപടികൾ എന്നിവ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിൽ ദീർഘദൂരവണ്ടികൾക്ക് സ്റ്റോപ്പ്</u>

4793 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊയിലാണ്ടി റെയിൽവേ സ്റ്റേഷനിൽ ദീർഘദൂര ട്രെയിനുകളായ യശ്വന്ത്പൂർ എക്സ്പ്രസ്, നേത്രാവതി എക്സ്പ്രസ്, കണ്ണൂർ-എറണാകുളം ഇന്റർസിറ്റി എക്സ്പ്രസ് എന്നിവയ്ക്ക് സ്റ്റോപ്പ് അനുവദിക്കാൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ട്രെയിനുകളിലെ കാലഹരണപ്പെട്ട ബോഗികൾ</u>

4794 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിൽ ഉപയോഗിക്കുന്ന ബോഗികളിൽ അധികവും കാലഹരണപ്പെട്ടതും പഴക്കമേറിയതും ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ ബോഗികൾ ലഭ്യമാക്കുന്നതിന് റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആളില്ലാ റെയിൽവേ ക്രോസ്സ്</u>

4795 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ആളില്ലാ റെയിൽവേ ക്രോസുകളിൽ അപകടം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആലപ്പുഴ റെയിൽവേ സ്റ്റേഷനെ കോച്ചിംഗ് ഡിപ്പോയായി ഉയർത്താൻ റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>റെയിൽവേ ലെവൽ ക്രോസുകളിൽ കാവൽക്കാരുടെ നിയമനം</u>

4796 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വകുപ്പുമായി ബന്ധപ്പെട്ട് കാവൽക്കാരില്ലാത്ത റെയിൽവേ ലെവൽ ക്രോസ്സുകളിൽ കാവൽക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

തപാൽ ആഫീസുകളുടെ നവീകരണം

4797 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തപാൽ ആഫീസുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തപാൽ ആഫീസുകളുടെ കാലോചിതമായ പുനരുദ്ധാരണത്തിന് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) തപാൽ ആഫീസുകളുടെ നവീകരണത്തിനായി കേന്ദ്ര സർക്കാരുമായി ചേർന്ന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാകുമെന്ന് വിശദമാക്കുമോ?